Revenue DRFA1/523/2019/Rev

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - HIV ബാധിതരായ രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

സ.ഉ.( സാധാ)നം:3170/2020 /റവ. തിരുവനന്തപുരം, തീയതി, 16/10/2020.

---

പരാമർശം:- 07.08.2012 തീയതിയിലെ 41482/ഡി.ആർ.എഫ്.എ 2/12/റവന്യൂ സർക്കുലർ.

### <u>ഉത്തരവ്</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് പരാമർശ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇളവ് വരുത്തി താഴെ പറയുന്ന വിധം ഉത്തരവാകുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും HIV ബാധിതരായ രോഗികൾക്ക് ഓരോ 6 മാസം കൂടുമ്പോഴും 6000/- രൂപ വീതം ലൈഫ് സർട്ടിഫിക്കറ്റിന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ DBT സംവിധാനത്തിലൂടെ അനുവദിച്ച് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകി ഉത്തരവാകുന്നു. ഇത്തരത്തിൽ ധനസഹായം ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷകൾ സമർപ്പിക്കേണ്ടതില്ല. രേഖകൾ പരിശോധിച്ച് അർഹത നിർണ്ണയിക്കുന്നതിനുള്ള അവകാശം ജില്ലാ കളക്ടറിൽ മാത്രം നിക്ഷിപ്തമായിരിക്കും. ഈ അധികാരം ജില്ലാ കളക്ടർമാർ മറ്റ് ഉദ്യോഗസ്ഥർക്ക് അനുവദിച്ച നൽകുവാൻ പാടുള്ളതല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ നിന്നും ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
ഡോ.എ.ജയതിലക്,
പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
റവന്യൂ ( ഡി.ആർ.എഫ്. - ബി / സി. ) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.